1.الخلق

## വിശ്വാസവും സ്വഭാവവും

ഖുർആനും സുന്നത്തുമനുസരിച്ച് ഇസ്‌ലാമിന്റെ എല്ലാ മേഖലകളിലും ഉൾച്ചേർന്നിട്ടുള്ള ഘടകമാണ് സ്വഭാവ വിശുദ്ധി.
ഐഹികവും പാരത്രികവുമായ പ്രതിഫലം അതുമായിബന്ധപ്പെട്ടാണ് ഉള്ളത്.
നബിയെ കുറിച്ച് ഖുർആൻ പറഞ്ഞു (وإنك لعلى خلق عظيم).
പ്രവാചകൻ അദ്ദേഹത്തെ സമഗ്രമായി പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്
إِنَّمَا بُعِثْتُ لِأُتَمِّمَ مَكَارِمَ الأَخْلَاقِ
(നിശ്ചയമായും ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ഉത്തമ സ്വഭാവങ്ങളുടെ പൂർത്തീകരണത്തന് മാത്രമാണ്.)

**1. വിശ്വാസവും** സ്വഭാവവും
അല്ലാഹുവിന്റെ സ്വിഫത്തുകളുടെ അനുകരണമാണത്. അഥവാ സ്വിഫത്തുകളിലുള്ള വിശ്വാസവുമായി സ്വഭാവ സംസ്കരണം ബന്ധപ്പെട്ടിരിക്കുന്നു.
ഉത്തമസ്വഭാവങ്ങൾ അല്ലാഹുവിന്റെ സ്വഭാവങ്ങൾ എന്ന നിലക്കാണ് നാം സ്വീകരിക്കുന്നത്. നബി(സ) പറഞ്ഞു تَخَلَّقُوا بِأَخْلَاقِ الله
(അല്ലാഹുവിന്റെ സ്വഭാവങ്ങൾ കൊണ്ട് നിങ്ങൾ സ്വഭാവം രൂപപ്പെടുത്തുക)
അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് നല്ല നിലപാട് അനുഭവിക്കാൻ സൃഷ്ടികളോട് ഉത്തമ രീതിയിൽ പെരുമാറണം.
ഖുർആൻ വിശ്വാസത്തിലേക്ക് വിളിക്കുന്നവൻإِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلإِيمَانِ أَنْ آمِنُواْ بِرَبِّكُمْ
(നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുക എന്ന് പറഞ്ഞ് കൊണ്ട് ഈമാനിലേക്ക് വിളിക്കുന്ന ഒരു വിളിയാളന്റെ വിളി ഞങ്ങൾ കേട്ടു)എന്ന് പരിചയപ്പെടുത്തമ്പോൾ ഹദീസിൽ ഉത്തമ സ്വഭാവത്തിന്റെ പൂർത്തീകരണം ഏൽപ്പിക്കപ്പെട്ടവൻ إنما بعثت لأتمم مكارم الأخلاق
(നിശ്ചയമായും ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ഉത്തമ സ്വഭാവങ്ങളുടെ പൂർത്തീകരണത്തന് മാത്രമാണ്.)എന്നുമാണ് പരിചയപ്പെടുത്തുന്നത്. ഇത് വൈരുദ്ധ്യമല്ല, മറിച്ച് രണ്ട് പ്രയോഗങ്ങളും പരസ്പരം വിശദീകരിക്കുകയാണ് ചെയ്യുന്നത്.
ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനം തൗഹീദാണ്. അതിന് ഉത്തമ സ്വഭാവത്തിന്റെ നിറമാണ്
നീതി എന്ന ധാർമ്മിക ഗുണത്തിന്റെ അടിസ്ഥാനത്തിലാണ് വശ്വാസത്തെ വിലയിരുത്തുന്നത്.

شرك നെ അക്രമമമായി വിലയിരുത്തുന്നു.إن الشرك لظلم عظيم (നിശ്ചയം ശിർക്ക് മഹാ അക്രമമാകുന്നു)

ظلم നീതിയുടെ(عدل) വിപരീതമാണ്.

كفر നെയും അങ്ങനെയാണ് വിലയിരുത്തുന്നത്والكافرون هم الظالمون(നിഷേധികളാകട്ടെ, അവർ തന്നെയാണ് അക്രമികൾ)

അഥവാ വിശ്വാസത്തിലെ അപാകതകളെ സ്വഭാവദൂഷ്യങ്ങളായി(ظلم) പരിചയപ്പെടുത്തിയിരിക്കുന്നു.

അത് പോലെ വിശ്വാസത്തിലെ പൂർണ്ണതയെ നല്ല സ്വഭാവമായും(صدق) പരിചയപ്പെടുത്തുന്നു

إنما المؤمنون الذين آمنوا بالله ورسوله ثم لم يرتابوا وجاهدوا بأموالهم وأنفسهم في سبيل الله أولئك هم *الصادقون* (الحجرات:15)

വിശ്വാസത്തെ ധാരാളം സ്ഥലങ്ങളിൽ സ്വഭാവങ്ങളുമായി ബന്ധപ്പെടുത്തുയിട്ടുണ്ട്(ഖുർആനിലും ഹദീസിലും)

قد أفلح المؤمنون، الذين هم في صلاتهم خاشعون، والذين هم عن اللغو معرضون، والذين هم للزكاة فاعلون، الذين هم لفروجهم حافظون...،(المؤمنون:10-1)

مَنْ كَانَ يُؤْمِنُ بِالله واليَومِ الآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ

(ആർ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നുവോ അവൻ നല്ലത് സംസാരിക്കട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ)

الإِيمَانُ بِضْعٌ وَسَبْعُونَ شُعْبَةً، أَعْلَاهَا: لا إله إلا الله، وَأَدْنَاهَا: إِمَاطَةُ الأَذَى عَنِ الطَّرِيقِ وَالحَيَاءُ شُعْبَةٌ مِنَ الإيمان

(ഈമാൻ എഴുപതോളം ശാഖകളാണ്, അതിൽ ഏറ്റവും ഉയർന്നത് ലാഇലാഹ ഇല്ലല്ലാ എന്നതും ഏറ്റവും താഴെ വഴിയിൽ നിന്ന് ഉപദ്രവം എടുത്ത് മാറ്റലുമാണ്. ലജ്ജ ഈമാനിന്റെ ശാഖയാണ്.)

لا يَزْنِي الزَانِي حِينَ يَزْنِي وَهُوَ مُؤْمِنٌ، وَلَا يَسْرِقُ السَارِقُ حِينَ يَسْرِقُ وَهو مُؤْمِنٌ، وَلَا يَشْرِبُ الخَمْرَ حِينَ يَشْرِبُهَا وَهو مُؤْمِن

(വ്യഭിചരിക്കുന്നവൻ വ്യഭിചരിക്കുമ്പോൾ വിശ്വാസിയായിരിക്കുകയില്ല, മോഷ്ടാവ് മോഷ്ടിക്കുമ്പോൾ വിശ്വാസിയാരിക്കുകയില്ല, മദ്യപിക്കുന്നവൻ മദ്യപിക്കുമ്പോൾ വിശ്യാസിയായിരിക്കുകയില്ല)

കാപട്യം <u>വിശ്വാസത്തിലെ</u> തകരാറാണ്. എന്നാൽ നബി(സ) അതിനെ നമുക്ക് പഠിപ്പിച്ച് തരുന്നതോ <u>സ്വഭാവത്തിലെ ദൗർബല്യം</u> പരാമർശിച്ച് കൊണ്ടും.

أَرْبَعٌ مَنْ كُنَّ فِيهِ كَانَ مُنَافِقًا خَالِصًا وَمَنْ كَانَتْ فِيهِ خَصْلَةٌ مِنْهُنَّ كَانَتْ فِيهِ خَصْلَةٌ مَنَ النِّفَاقِ حَتَى يَدَعَها . اِذَا اؤْتُمِنَ خَانَ وَاذَا حَدَثَ كَذَبَ وَإِذا عَاهَدَ غَدَرَ وإِذَا خَاصَمَ فَجَرَ( البخاري)

(നാല് കാര്യങ്ങൾ ഒരാളിലുണ്ടെങ്കിൽ അവൻ പൂർണ്ണമായും കപടനാണ്. അവയിൽ ഒന്നുണ്ടെങ്കിൽ അവനിൽ അത് ഉപേക്ഷിക്കുന്നത് വരെ കാപട്യത്തിന്റെ അംശമുണ്ട്. വിശ്വസിച്ചാൽ വഞ്ചിക്കുക, സംസാരിച്ചാൽ കളവ് പറയുക, കരാർ ചെയ്താൽ ലംഘിക്കുക, തർക്കിച്ചാൽ തെറി പറയുക എന്നിവയാണവ)

لَيسَ المُؤْمِنُ بِالطَعَانِ وَلَا بَاللِعَانِ ولا الفَاحِشِ ولا البَذِي

(വിശ്വാസി, കുത്തിപ്പറയുന്നവനോ ശപിക്കുന്നവനോ മ്ലേഛനോ അശ്ലീലനോ ആവുകയില്ല)

أَكْمَلُ المُؤْمِنِينَ إِيمَانًا أَحْسَنُهُمْ أَخْلَاقًا

(ഉത്തമ സ്വഭാവക്കാരനാണ് വിശ്വാസികളിൽ ഈമാൻ പൂർത്തിയായവൻ)

ഇവിടെയെല്ലാം വിശ്വാസത്തെ കുറിക്കുന്ന പ്രയോഗമാണുള്ളത്

ഈ ഹദീസുകൾ സ്വഭാവത്തിലെ ദൗർബല്യം വിശ്വാസത്തിലെ ദൗർബല്യമണെന്നും സ്വഭാവത്തിലെ പൂർണ്ണത വിശ്വാസത്തിലെ പൂർണ്ണതയാണെന്നും പഠിപ്പിക്കുന്നു

നമ്മുടെ സ്വഭാവത്തിലെ ദൂഷ്യങ്ങൾ വിശ്വാസത്തിലെ ദൗബല്യമാണ് എന്ന് മനസ്സിലാക്കൻ നമുക്ക് കഴിയണം. ഈമാൻ പൂർത്തിയാകാത്തവന് സ്വർഗ്ഗ പ്രവേശം സാധ്യമാവുകയില്ല

**തയ്യാറാക്കിയത്: മാലിക് ശബാസ്. കെ**